(ബി) റിസർവ്വ ബാങ്കിന്റെ കണക്കുകൾ പ്രകാരം 2014 ഒക്ടോബർ 31-ന് 1302.65 കോടിയും നവംബർ 26-ന് 1054.44 കോടി രൂപയുമാണ് ട്രഷറിയിൽ നീക്കിയിരുപ്പ് ഉണ്ടായിരുന്നത്.

ധവള പത്രം

133 (473) ഡോ. ടി. എം. തോമസ് ഐസക് :
ശ്രീ. എളമരം കരീം :
പ്രൊഫ. സി. രവീന്ദ്രനാഥ് :
ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന്റെ സ്ഥിതി വെളിപ്പെടുത്തിക്കൊണ്ട് ധവളപത്രം ഇറക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) സാമ്പത്തിക പ്രതിസന്ധി നിലവിലുണ്ടോ ; ഇതിന് ഇടയാക്കിയ വസ്തുതകൾ എന്തൊക്കെയാണ് ;

(സി) 2014-15 ബജറ്റ് അവതരണവേളയിൽ ഇല്ലാത്ത എന്തെല്ലാം ഘടകങ്ങളാണിപ്പോൾ വന്നുചേർന്നിട്ടുള്ളത് ;

(ഡി) ബജറ്റ് വേളയിലല്ലാതെ ഓർഡിനൻസുകളിലൂടെ അധിക നികുതി ചുമത്തുന്നുണ്ടോ ;

(ഇ) ബജറ്റിലൂടെയുണ്ടായിരുന്നതിനുപുറമേ ഓർഡിനൻസുകളിലൂടെ നികുതികളും സേവന നിരക്കും വർദ്ധിപ്പിച്ചത് ജനങ്ങളെ വീണ്ടും പ്രതിസന്ധിയിലാക്കിയിരിക്കുകയാണെന്നറിയാമോ ;

(എഫ്) ബജറ്റിലൂടെയുള്ള അധിക വിഭവ സമാഹരണലക്ഷ്യം എത്രയായിരുന്നു ; ഓർഡിനൻസുകൾ പുറപ്പെടുവിച്ചും എക്സിക്യൂട്ടീവ് ഉത്തരവുകൾ പുറപ്പെടുവിച്ചുകൊണ്ടും ഏതെല്ലാം നികുതികൾ, സർവ്വീസ് ചാർജ്ജുകൾ തുടങ്ങിയ ഇനത്തിൽ എത്ര ശതമാനം അധികമായി സമാഹരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്, വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇല്ല.

(ബി & സി) സംസ്ഥാനത്ത് സാമ്പത്തിക പ്രതിസന്ധി നിലവിലില്ല. എന്നാൽ ബഡ്ജറ്റിൽ വിഭാവനം ചെയ്ത തരത്തിൽ സംസ്ഥാന നികുതി വരവിൽ വർദ്ധനവ് ഉണ്ടാകാതിരിക്കുകയും കേന്ദ്ര നികുതി വിഹിതത്തിലെ കുറവുംമൂലം റവന്യൂ വരവിൽ പ്രതീക്ഷിച്ചത്ര വർദ്ധന ഉണ്ടായില്ല. ഈ സാഹചര്യത്തിൽ, വികസന പ്രവർത്തനങ്ങൾ മുടക്കംവരാതെ നടപ്പിലാക്കുന്നത് സാമ്പത്തിക ഞെരുക്കം ഉണ്ടാക്കാൻ കാരണമായിട്ടുണ്ട്.

(ഡി) ഉണ്ട്.

(ഇ) സാധാരണ ജനങ്ങൾക്കുമേൽ അധിക ഭാരമുണ്ടാകാത്ത തരത്തിലാണ് പുതിയ നികുതി നിർദ്ദേശം വിഭാവനം ചെയ്തിട്ടുള്ളത്.

(എഫ്) 2014-15 ബഡ്ജറ്റിലൂടെയുള്ള അധിക വിഭവസമാഹരണ ലക്ഷ്യം 1556.35 കോടി രൂപയായിരുന്നു.

എല്ലാത്തരം ഇന്ത്യൻ നിർമ്മിത വിദേശ മദ്യത്തിന്റെയും നികുതി 20 ശതമാനം വർദ്ധിപ്പിച്ചു. ഇതിനുപുറമേ പുതിയ നയത്തിന്റെ ഭാഗമായി നിർത്തലാക്കിയ ബാർ തൊഴിലാളികളുടെ പുനരധിവാസത്തിനായി നികുതിയിന്മേൽ അഞ്ച് ശതമാനം അധിക സെസ് വരുമാനം പ്രതീക്ഷിക്കുന്നത്. ഇതുവഴി 1130 കോടി രൂപയുടെ അധിക സെസ് ഏർപ്പെടുത്താൻ തീരുമാനിച്ചു. ബിയർ, വൈൻ എന്നിവയുടെ നികുതി 50 ശതമാനത്തിൽ നിന്നും 70 ശതമാനമായി വർദ്ധിപ്പിച്ചു. 100 കോടി രൂപ അധിക വരുമാനം ഇതിൽ നിന്നും പ്രതീക്ഷിക്കുന്നു. സിഗറ്റിന്മേലുള്ള നികുതി 22 ശതമാനത്തിൽ നിന്നും 30 ശതമാനമായി വർദ്ധിപ്പിക്കാനും ഇതിൽ 3 ശതമാനം ക്യാൻസർ രോഗികളുടെ സംരക്ഷണത്തിന് വിനിയോഗിക്കുവാനും തീരുമാനിച്ചു. പ്രതിവർഷം 264 കോടി രൂപ പ്രതീക്ഷിക്കുന്നു.

പെട്രോളിയം ഉൽപന്നങ്ങളുടെ വിലകുറയുന്നതിന്റെ ഫലമായി നികുതിയിലുണ്ടാകുന്ന കുറവ് പരിഹരിക്കുന്നതിന് പെട്രോളിന്റെ നികുതി ഘടന നിർണ്ണയിക്കുന്നതിനായി നിരക്ക് 26.21 ശതമാനത്തിൽ നിന്നും 26.92 ശതമാനമായി

വർദ്ധിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിലൂടെ 112 കോടി രൂപയുടെ അധിക വരുമാനം പ്രതീക്ഷിക്കുന്നു. ഭൂമിയുടെ ന്യായവില പുനർനിർണ്ണയിച്ചിട്ടുണ്ട്. ഇതിലൂടെ 520 കോടി രൂപയുടെ അധിക വരുമാനം പ്രതീക്ഷിക്കുന്നു. ഭൂനികുതി, തോട്ടം നികുതി എന്നിവയിൽ കാലോചിതമായ വർദ്ധനവ് വരുത്തുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. തന്മൂലം യഥാക്രമം 78 കോടി രൂപയുടേയും 3 കോടി രൂപയുടേയും അധിക വരുമാനം പ്രതീക്ഷിക്കുന്നു.

നികുതിയേതര വരുമാനം വർദ്ധിക്കുന്നതിന്റെ ഭാഗമായി വിദ്യാഭ്യാസ, ആരോഗ്യ വകുപ്പുകൾ ഒഴികെ എല്ലാ വകുപ്പുകളിലും നിലവിലുള്ള യൂസർ ചാർജ്ജുകളും ഫീസുകളും 15 ശതമാനം മുതൽ 50 ശതമാനം വരെ വർദ്ധിപ്പിച്ചിട്ടുണ്ട്. 350 കോടി രൂപയുടെ അധിക വരുമാനമാണ് ഇതിലൂടെ പ്രതീക്ഷിക്കുന്നത്.

അടിമാലി ഗ്രാമപഞ്ചായത്തിലെ കർമ്മൽമാതാ സ്പെഷ്യൽ സ്കൂൾ മച്ചിപ്ലാവിന് ആസ്തി വികസന ഫണ്ട്

134 (474) <u>ശ്രീ. എസ്. രാജേന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അടിമാലി ഗ്രാമപഞ്ചായത്തിലെ കർമ്മൽമാതാ സ്പെഷ്യൽ സ്കൂൾ മച്ചിപ്ലാവിന് എം.എൽ.എ-എസ്.ഡി.എഫിൽ നിന്നും തുക അനുവദിക്കുന്നതിനു സാധിക്കാത്ത സ്ഥിതിവിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വികലാംഗരായിട്ടുള്ള വിദ്യാർത്ഥികൾ പഠിക്കുന്ന സ്കൂളായതിനാൽ പ്രസ്തുത സ്പെഷ്യൽ സ്കൂളിന് എം.എൽ.എ പ്രാദേശിക വികസന ഫണ്ടിൽ നിന്നും തുക അനുവദിക്കുന്നതിനു നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) അടിമാലി ഗ്രാമപഞ്ചായത്തിലെ കർമ്മൽ മാതാ സ്പെഷ്യൽ സ്കൂൾ മച്ചിപ്ലാവിന് ഗ്രൗണ്ട് നിർമ്മിക്കുന്നതിന് എം.എൽ.എ.മാരുടെ പ്രത്യേക വികസന നിധിയിൽ നിന്നും തുക വിനിയോഗിക്കുവാൻ ഇടുക്കി ജില്ലാ കളക്ടർക്ക് നിർദ്ദേശം ലഭിച്ചിരുന്നു. സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ എം.എൽ.എ..എസ്.ഡി.എഫ്.ന്റെ മാനദണ്ഡപ്രകാരമുള്ള പ്രവർത്തിയ്ക്കുവേണ്ടി തുക വിനിയോഗിക്കുവാൻ അനുമതിയുണ്ട്. സർക്കാർ/എയ്ഡഡ് മേഖലയിലല്ലാത്ത സ്കൂളുകൾക്കുവേണ്ടി എം.എൽ.എ.-എസ്.ഡി.എഫ്ൽ നിന്നും തുക വിനിയോഗിക്കുവാൻ മാനദണ്ഡപ്രകാരം

LIBRARY ARCHIVES Kerala Legislative Assembly